www.malankaralibrary.com

# വിശുദ്ധന്മാരുടെ പരിസ്ഥിതി ദൈവശാസ്ത്രം

---------------- By lifeday 5 June 2020

---

സൂര്യൻ തൻ്റെ കിരണങ്ങൾ കൊണ്ട് എല്ലാ വസ്തുക്കളെയും കടാക്ഷിക്കുന്നു; കർത്താവിൻ്റെ മഹത്വം എല്ലാ സൃഷ്ടികളിലും നിറഞ്ഞിരിക്കുന്നു. കർത്താവിൻ്റെ വിസ്മയനീയമായ പ്രവൃത്തികൾ അവിടുത്തെ വിശുദ്ധർക്കുപോലും അവർണനീയമാണ്; പ്രപഞ്ചം മുഴുവൻ തൻ്റെ മഹത്വത്തിൽ നിലകൊള്ളാൻ വേണ്ടി സർവശക്തനായ കർത്താവ് സ്ഥാപിച്ചവയത്രേ അവ. പ്രഭാഷകൻ 42 ; 16-17

സൃഷ്ടിയുടെ ആരംഭം മുതൽ സൃഷ്ടവസ്തുക്കളുടെ സംരക്ഷകനും ശുശ്രൂഷകനുമാകാൻ നിയോഗിക്കപ്പെട്ടവനാണ് മനുഷ്യൻ (ഉൽപത്തി 2/15). എന്നാൽ മനുഷ്യന് നിലനിൽപ്പിനു വേണ്ടി മറ്റു സൃഷ്ടികളെ വളരെയധികം ആശ്രയിക്കേണ്ടതുണ്ട്. അതുകൊണ്ട് മനുഷ്യനും പ്രകൃതിക്കും തുല്യപ്രാധാന്യമുള്ള സുസ്ഥിര വികസനത്തിന് നാം പ്രാധാന്യം നൽകണം. ദൈവവുമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്ന വിശുദ്ധന്മാരിൽ പലരും മറ്റു മനുഷ്യരോടും പ്രകൃതിയും ജീവജാലങ്ങളുമടങ്ങുന്ന സഹസൃഷ്ടികളോടും കാണിച്ചിരുന്ന ആദരം നിറഞ്ഞ സമീപനം നമുക്ക് പാഠമാകേണ്ടതാണ്.

പ്രകൃതിയേയും അതിലെ വസ്തുക്കളേയും സഹോദരങ്ങളായി കണ്ട് സൂര്യകീർത്തനം പാടിയ വിശുദ്ധ ഫ്രാൻസിസ് അസീസിയാണ് പരിസ്ഥിതിയുടെ പ്രത്യേക മധ്യസ്ഥൻ (Patron Saint). മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്ന മാധ്യമമായി പ്രകൃതിയെ കാണുകയും പ്രകൃതിയുമായി ആഴമേറിയ ബന്ധത്തിലാവുകയും ചെയ്ത വ്യക്തിയാണ് വിശുദ്ധ ഫ്രാൻസിസ് അസീസി. സൃഷ്ടികളുടെ കുടുംബത്തിലെ ഒരംഗം മാത്രമാണ് താനെന്ന് ഫ്രാൻസിസ് അസീസി പറഞ്ഞിരുന്നു. ആദരം നിറഞ്ഞ ഒരു സമീപനം സഹോദരരോടും മറ്റ് സൃഷ്ടികളോടും പുലർത്തണമെന്ന് ഫ്രാൻസിസ് അസീസി അനുശാസിക്കുന്നു. ദൈവത്തെ സ്തുതിക്കുന്നതിനുള്ള മാധ്യമങ്ങളായിരുന്നു അദ്ദേഹത്തിന് എല്ലാ സൃഷ്ടികളും. സൃഷ്ടികളെ നോക്കി അത്ഭുതപെട്ട് അവയോട് ചേർന്ന് അവയുടെ സൃഷ്ടാവിനെ സ്തുതിക്കാൻ ഫ്രാൻസിസിന് സാധിച്ചു. എല്ലാത്തിൻ്റെയും പിതാവ് ദൈവമാണെന്നുള്ള സത്യമാണ് ഫ്രാൻസിസ് അസീസിയുടെ വിശ്വസാഹോദര്യത്തിൻ്റെ അടിത്തറ.

www.malankaralibrary.com

എല്ലാ സൃഷ്ടികളും പിതാവായ ദൈവത്തിന്റെ മക്കളാണെന്നും, അതുകൊണ്ട് സൃഷ്ടികളെല്ലാം സഹോദരങ്ങളാണെന്നും ആയിരുന്നു ഫ്രാൻസിസ് അസീസിയുടെ ദർശനം. അതുകൊണ്ട് അദ്ദേഹത്തിന് ജലം സഹോദരി ജലവും, അഗ്നി സഹോദരൻ അഗ്നിയും, മരണം സഹോദരി മരണവുമായിരുന്നു. ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കളും ദൈവത്തിൽ നിന്നു വന്നതും ദൈവത്തിൽ വിലയം പ്രാപിക്കാനുള്ളതും ആണെന്ന് ഫ്രാൻസിസ് നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ ബേസിൽ മനുഷ്യൻ പ്രകൃതിയോടും മൃഗങ്ങളോടും ചെയ്യുന്ന ക്രൂരതയെ നിശിതമായ ഭാഷയിൽ വിമർശിച്ചിരുന്നു. 'ചെറിയ പുൽക്കൊടി പോലും നമ്മെ ദൈവത്തെ കുറിച്ച് ഓർമ്മിപ്പിക്കുന്നു' എന്ന് വിശുദ്ധ ബേസിൽ എഴുതി. പണ്ഡിതരായ വിശുദ്ധ ഐറേനിയോസും വിശുദ്ധ അഗസ്റ്റിനുമെല്ലാം പ്രകൃതിയെ സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിച്ചിരുന്നു. വിശുദ്ധ ബനഡിക്ടും അദ്ദേഹത്തിന്റെ സന്ന്യാസികളും നിലമുഴുത് കൃഷി ചെയ്താണ് ജീവിച്ചിരുന്നത്. വിശുദ്ധ ഇഗ്നേഷ്യസ് ലയോള 'പ്രകൃതിയിലെ ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് അവ സംരക്ഷിക്കപ്പെടണം' എന്നും തൻ്റെ ശിഷ്യരെ പഠിപ്പിച്ചു. 'വർണ്ണവൈവിധ്യങ്ങളാൽ പ്രകൃതിയെ സമ്പന്നമാക്കിയ ദൈവത്തെ നമുക്ക് ആരാധിക്കാം' എന്ന് വിശുദ്ധ ജെറാൾഡിൻ്റെ പേരിൽ അറിയപ്പെടുന്ന ഒരു പ്രാർത്ഥനയുണ്ട്.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അപ്രേമിന് വേദപുസ്തകത്തിലും പ്രകൃതിയിലുമുള്ള പ്രതീകങ്ങൾ ദൈവത്തിലേക്കുള്ള ഒരുവൻ്റെ യാത്രക്കുള്ള ഉപകരണങ്ങളായി കണ്ട് പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യാൻ സാധിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹം 'പരിസ്ഥിതി ദൈവശാസ്ത്രജ്ഞൻ' എന്ന നിലയിലും അറിയപ്പെടുന്നു. 'എല്ലാ പദാർത്ഥങ്ങളും ദൈവസൃഷ്ടിയാണ്. ഞാൻ

www.malankaralibrary.com

അവയെ ബഹുമാനിക്കുന്നു. അതിൽ ദൈവത്തിന്റെ കൃപയുണ്ട്.' എന്ന് വിശുദ്ധ ജോൺ ഡമഷീൻ പറയുന്നു.

വിശുദ്ധ ബസേലിയോസ്, വിശുദ്ധ ജെറോം, മരുഭൂമിയിലെ വിശുദ്ധ അന്തോണിയോസ് തുടങ്ങിയ താപസന്മാരും മിസ്റ്റിക്കുകളും തങ്ങളുടെ ആത്മീയ അന്വേഷണങ്ങളിൽ പ്രകൃതിയേയും ഉൾച്ചേർത്തിരുന്നു. ഈ വിശുദ്ധരെല്ലാം പ്രകൃതിയെ പ്രപഞ്ചസൃഷ്ടാവായ ദൈവത്തോട് ബന്ധപ്പെടുത്തിയാണ് കാണുന്നത്. നാം പിന്തുടരേണ്ട മാതൃകയും അതു തന്നെയാണ്. പരിസ്ഥിതി സംരക്ഷണം ജൈവശാസ്ത്രപരമോ രാഷ്ട്രീയപരമോ ആയ ഒരു വിഷയം മാത്രമല്ല, ഓരോ വ്യക്തികളുടേയും ഉത്തരവാദിത്വവുമാണ്. ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ അവൻ്റെ സൃഷ്ടികളെയും സ്നേഹിക്കാൻ നമുക്ക് സാധിക്കും. നമ്മുടെ പ്രകൃതി സ്നേഹത്തിൻ്റെയും പരിസ്ഥിതി സംരക്ഷണത്തിൻ്റെയും പ്രധാന അടിസ്ഥാനം പ്രകൃതിയെ കുറിച്ചുള്ള ദൈവശാസ്ത്ര ദർശനങ്ങളാകട്ടെ..